## പതിനാലാം കേരള നിയമസഭ
## രണ്ടാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ.3761** **20.10.2016 -ൽ മറുപടിക്ക്**

## പതിച്ചു നൽകിയ ഭൂമി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. കെ. കൃഷ്ണൻകുട്ടി<br>ശ്രീ. സി. കെ. നാണു<br>ശ്രീ. തോമസ് ചാണ്ടി<br>ശ്രീ. കെ.ബി. ഗണേഷ് കുമാർ | ശ്രീ. ഇ. ചന്ദ്രശേഖരൻ<br>(റവന്യൂവും ഭവനനിർമ്മാണവും വകുപ്പ് മന്ത്രി) |
| (എ) 2011 ജൂൺ 1 മുതൽ 2016 മെയ് 31 വരെ കേരളത്തിലെ അനാഥാലയങ്ങൾ, സ്വകാര്യ ട്രസ്റ്റുകൾ, സ്വകാര്യ വിദ്യാഭ്യാസ സ്ഥാപനങ്ങൾ, സ്വകാര്യ വ്യക്തികൾ എന്നിവർക്ക് എത്ര ഭൂമിയാണ് മുൻ സർക്കാർ പതിച്ചു നല്കിയത് എന്ന് വ്യക്തമാക്കാമോ; | **എ), (ബി), (സി)**<br>വിശദ വിവരം അനുബന്ധമായി ചേർക്കുന്നു. |
| (ബി) ഇതേ കാലയളവിൽ കേരളത്തിലെ ഭൂരഹിതരായ ആദിവാസികൾക്ക് ഭൂമി പതിച്ചു നൽകണമെന്ന കോടതി വിധിയും അതുമായി ബന്ധപ്പെട്ട ഉത്തരവുകളും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | |
| (സി) ഉണ്ടെങ്കിൽ അതിന്റെ അടിസ്ഥാനത്തിൽ എത്ര ഭൂമി, ഏതൊക്കെ ജില്ലകളിൽ, എവിടെയൊക്കെ ഭൂരഹിതരായ ആദിവാസികൾക്ക് പതിച്ചു നൽകിയിട്ടുണ്ട് എന്നതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കാമോ? | |

**സെക്ഷൻ ഓഫീസർ**

അനുബന്ധം



| ജില്ല | 2011 ജൂൺ മുതൽ 2016 മെയ് 31 വരെ കേരളത്തിലെ അനാഥാലയങ്ങൾ, സ്വകാര്യ ട്രസ്റ്റുകൾ, സ്വകാര്യ വിദ്യാഭ്യാസ സ്ഥാപനങ്ങൾ, സ്വകാര്യ വ്യക്തികൾ എന്നിവർക്ക് എത്ര ഭൂമിയാണ് മുൻ സർക്കാർ പതിച്ച് നൽകിയതെന്ന് വ്യക്തമാക്കാമോ ? | ഇതേ കാലയളവിൽ കേരളത്തിലെ ഭൂരഹിതരായ ആദിവാസികൾക്ക് ഭൂമി പതിച്ചു നൽകണമെന്ന കോടതിവിധിയും അതുമായി ബന്ധപ്പെട്ട ഉത്തരവുകളും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ? | ഉണ്ടെങ്കിൽ അതിന്റെ അടിസ്ഥാനത്തിൽ എത്ര ഭൂമി, ഏതൊക്കെ ജില്ലകളിൽ, എവിടെയൊക്കെ ഭൂരഹിത .രായ ആദിവാസികൾക്ക് പതിച്ചു നൽകിയിട്ടുണ്ട് എന്നതിന്റെ വിശദീകരണം ലഭ്യമാക്കാമോ ? |
|---|---|---|---|
| | (എ) | (ബി) | (സി) |
| തിരുവനന്തപുരം | മേൽ കാലയളവിൽ അനാഥാലയങ്ങൾ ,ട്രസ്റ്റുകൾ, സ്വകാര്യ വിദ്യാഭ്യാസ സ്ഥാപനങ്ങൾ എന്നിവർക്ക് 48.81.58 ഏക്കർ സ്ഥലവും, സ്വകാര്യ വ്യക്തികൾക്ക് 24.52.52 ഹെക്ടർ സ്ഥലവും പതിച്ചു നൽകിയിട്ടുണ്ട് | ശ്രദ്ധയിൽപ്പെട്ടിട്ടില്ല | ഭൂരഹിതരില്ലാത്ത കേരളം പദ്ധതി പ്രകാരം വിതുര വില്ലേജിൽ 119 ആദിവാസികൾക്കായി 3 ഏക്കർ 57 സെന്റ് സ്ഥലവും നൽകിയിട്ടുണ്ട് |
| കൊല്ലം | മേൽ കാലയളവിൽ അനാഥാലയങ്ങൾ, സ്വകാര്യ ട്രസ്റ്റുകൾ, സ്വകാര്യ വിദ്യാഭ്യാസ സ്ഥാപനങ്ങൾ എന്നിവയ്ക്ക് ഭൂമി പതിച്ചു നൽകിയിട്ടില്ല. ടി കാലയളവിൽ സ്വകാര്യ വ്യക്തികൾക്കായി 30.947 ഏക്കർ ഭൂമി പതിച്ചു നൽകിയിട്ടുണ്ട് | ശ്രദ്ധയിൽപ്പെട്ടിട്ടില്ല | ബാധകമല്ല |

| | | | |
|---|---|---|---|
| ആലപ്പുഴ | മേൽ കാലയളവിൽ അനാഥാലയങ്ങൾ, സ്വകാര്യ ട്രസ്റ്റുകൾ എന്നിവയ്ക്ക് ഭൂമി പതിച്ചു നൽകിയിട്ടില്ല. ആലപ്പുഴ എസ്.ഡി.വി. സ്കൂളിന് 0.7003 ഹെക്ടർ ഭൂമി പതിച്ചു നൽകിയിട്ടുണ്ട്. കോളനി പട്ടയം, ലക്ഷംവീട്, സുനാമി പട്ടയം, പുറമ്പോക്ക് പട്ടയം എന്നീ വിഭാഗങ്ങളിലായി ആകെ 984 സ്വകാര്യ വ്യക്തികൾക്ക് 14.2483 ഹെക്ടർ ഭൂമി പതിച്ചു നൽകിയിട്ടുണ്ട്. | ശ്രദ്ധയിൽപ്പെട്ടിട്ടില്ല | ബാധകമല്ല |
| പത്തനംതിട്ട | മേൽ കാലയളവിൽ അനാഥാലയങ്ങൾ, ട്രസ്റ്റുകൾ, സ്വകാര്യ വിദ്യാഭ്യാസ സ്ഥാപനങ്ങൾ എന്നിവർക്ക് ഭൂമി പതിച്ചു നൽകിയിട്ടില്ല. സീറോ ലാൻഡ്‌ലെസ് പദ്ധതി ഉൾപ്പെടെ സ്വകാര്യ വ്യക്തികൾക്കായി 188.92.22 ഹെക്ടർ ഭൂമി പതിച്ചു നൽകിയിട്ടുണ്ട്. | ശ്രദ്ധയിൽപ്പെട്ടിട്ടില്ല | ബാധകമല്ല |

| | | | |
|---|---|---|---|
| കോട്ടയം | മേൽ കാലയളവിൽ അനാഥാലയങ്ങൾക്ക് ഭൂമി പതിച്ചു നൽകിയിട്ടില്ല. ഭൂരഹിതരില്ലാത്ത കേരളം പദ്ധതി പ്രകാരവും മറ്റു വിവിധ പദ്ധതികൾ പ്രകാരവും വ്യക്തികൾക്ക് 232.47.33 ഹെക്ടർ സർക്കാർ ഭൂമി പതിച്ചു നൽകി യിട്ടുണ്ട്. ഇവയ്ക്ക് പുറമേ 13.09.2012 ലെ ജി.ഒ (എം.എസ്) 346/12/ആർ.ഡി നം. സർക്കാർ ഉത്തരവ് അനുസരിച്ച് മീനച്ചിൽ താലൂക്കിൽ തീക്കോയി വില്ലേജിൽ ബ്ലോക്ക് 62, റീസർവ്വെ 369/3 ൽപ്പെട്ട 06.07.20 ഹെക്ടർ മിച്ചഭൂമി ക്ഷേത്ര സമുച്ചയം പണിയുന്നതിന് എസ്.എൻ.ഡി.പി യോഗം മീനച്ചിൽ താലൂക്ക് യൂണിയനും, റീ.സ. നം. 369/2 ൽപ്പെട്ട 04.04.59 ഹെക്ടർ മിച്ചഭൂമി വിദ്യാഭ്യാസ സാംസ്കാരിക കേന്ദ്രം പണിയുന്നതിന് എസ്.എൻ.ഡി.പി യുടെ വിദ്യാഭ്യാസ ഏജൻസിയായ എസ്.എൻ. ട്രസ്റ്റ് (കൊല്ലം) നും സൗജന്യമായി പതിച്ചു നൽകിയിട്ടുണ്ട്. കോട്ടയം താലൂക്കിൽ 00.04.05 ഹെക്ടർ ഭൂമി പ്രസിഡന്റ് പ്രസ്ക്ലബ്, കേരള യൂണിയൻ വർക്കിംഗ് ജേണലിസ്റ്റ് ജില്ലാ കമ്മിറ്റി ,കോട്ടയം പേർക്കും പതിച്ചു നൽകിയിട്ടുണ്ട്. | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട് | സുപ്രീം കോടതി വിധിയുടെ അടിസ്ഥാനത്തിൽ ഭൂരഹിതരായ പട്ടികവർഗ്ഗക്കാർക്ക് സർക്കാർ ഭൂമി പതിച്ചു നൽകിയിട്ടില്ല. എന്നാൽ ഭൂരഹിതരായ 5 പട്ടികവർഗ്ഗ കുടുംബങ്ങൾക്ക് 25 സെന്റ് വീതം സ്ഥലം 10 ലക്ഷം രൂപ എന്ന നിരക്കിൽ വാങ്ങി നൽകിയിട്ടുണ്ട്. പട്ടികവർഗ്ഗ വികസന വകുപ്പിന്റെ 'ആശിക്കും ഭൂമി ആദിവാസിക്കു സ്വന്തം' എന്ന പദ്ധതി പ്രകാരമാണ് ഭൂമി വാങ്ങി നൽകിയിട്ടുള്ളത്. ഇതു കൂടാതെ പരമ്പരാഗതമായി വനഭൂമിയിൽ സ്ഥിര താമസമാക്കി കൃഷി ചെയ്ത് ഉപജീവനം കഴിച്ചു പോരുന്ന 1377 പട്ടികവർഗ്ഗ കുടുംബങ്ങൾക്ക് കേന്ദ്ര വനാവകാശ നിയമപ്രകാരം വ്യക്തിഗത കൈവശാവകാശ രേഖ ലഭ്യമാക്കിയിട്ടുണ്ട് |

| | | | |
|---|---|---|---|
| ഇടുക്കി | മേൽ കാലയളവിൽ വ്യക്തികൾക്കായി 7797.1665 ഹെക്ടർ ഭൂമിയും, മണക്കാട് എൻ.എസ്.എസ് ഹയർ സെക്കന്ററി സ്കൂളിനായി 0.3990 ഹെക്ടർ ഭൂമിയുമായി ആകെ 7797.5655 ഹെക്ടർ ഭൂമി പതിച്ചു നൽകിയിട്ടുണ്ട്. | "ആശിച്ച ഭൂമി ആദിവാസികൾക്ക് സ്വന്തം പദ്ധതി "- (GO (MS) 68/SCST DD ഉത്തരവ്) അനുസരിച്ച് ഭൂരഹിതരായ പട്ടികവർഗ്ഗക്കാർക്ക് 25 സെന്റ് മുതൽ 1 ഏക്കർ വരെ ഭൂമി അനുവദിച്ചു വരുന്നു. | ഭൂരഹിതരായ ആദിവാസികൾക്ക് ഇടുക്കി ജില്ലയിൽ ആശിക്കും ഭൂമി പദ്ധതിയിൽപ്പെടുത്തി 4.91 ഏക്കർ ഭൂമി ലഭ്യമാക്കിയിട്ടുണ്ട്.<br><br>2011 ജൂൺ 1 മുതൽ 2016 മെയ് 31 വരെ 643 പേർക്ക് വനാവകാശ രേഖ അനുവദിച്ചിട്ടുണ്ട്. സീറോ ലാന്റ്ലെസ് പദ്ധതിയിൽ ഉൾപ്പെടുത്തി ഭൂരഹിതരായ ആദിവാസികൾക്കും പട്ടയം അനുവദിച്ചിട്ടുണ്ട്. |
| എറണാകുളം | മേൽ കാലയളവിൽ 2355 കുടുംബങ്ങൾക്ക് ഭൂമി പതിച്ചു നൽകിയിട്ടുണ്ട് | 2011 ജൂൺ 1 മുതൽ 2016 മെയ് 31 വരെ കോടതി വിധിയുടെ അടിസ്ഥാനത്തിൽ ഭൂരഹിതരായ ആദിവാസികൾക്ക് ഭൂമി പതിച്ചു നൽകിയിട്ടില്ല | ബാധകമല്ല |
| തൃശൂർ | മേൽ കാലയളവിൽ സ്വകാര്യ ട്രസ്റ്റുകൾ, സ്വകാര്യ വിദ്യാഭ്യാസ സ്ഥാപനങ്ങൾ എന്നിവയ്ക്ക് ആകെ 7.9849 ഹെക്ടർ റവന്യു ഭൂമി പതിച്ചു നൽകിയിട്ടുണ്ട്. സ്വകാര്യ വ്യക്തികൾക്കായി ആകെ 10.5471 ഹെക്ടർ റവന്യു ഭൂമി പതിച്ചു നൽകിയിട്ടുണ്ട്. | മേൽ കാലയളവിൽ ആയത് ശ്രദ്ധയിൽപ്പെട്ടിട്ടില്ല | ബാധകമല്ല |

| | | | |
|---|---|---|---|
| പാലക്കാട് | കഴിഞ്ഞ സർക്കാരിന്റെ കാലത്ത് അനാഥാലയങ്ങൾക്കും സ്വകാര്യ വിദ്യാഭ്യാസ സ്ഥാപനങ്ങൾക്കും ട്രസ്റ്റുകൾക്കുമായി സർക്കാർ ഭൂമി പതിച്ചു നൽകിയിട്ടില്ല. എന്നാൽ പാലക്കാട് താലൂക്കിൽ പത്രപ്രവർത്തകനായിരുന്ന ശ്രീ. അൻപൻ, സീനിയർ കറസ്പോണ്ടന്റ്, ദിനതന്തി, കുന്നത്തൂർമേട് എന്ന വ്യക്തിക്ക് 2 സെന്റ് ഭൂമി പതിച്ചു നൽകിയിട്ടുണ്ട്. പാലക്കാട് താലൂക്കിൽ പാലക്കാട് പ്രസ് ക്ലബ്ബിന്റെ പേർക്ക് പാലക്കാട് -3 വില്ലേജിൽ 3.5 സെന്റ് ഭൂമി പതിച്ചു നൽകിയിട്ടുള്ളതാണ്. മണ്ണാർക്കാട്, ചിറ്റൂർ താലൂക്കുകളിലായി 261 വ്യക്തികൾക്കായി ആകെ 7.3485 ഹെക്ടർ ഭൂമി പതിവു ചട്ടങ്ങൾ അനുസരിച്ച് പതിച്ചു നൽകിയിട്ടുണ്ട് | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട് | ചിറ്റൂർ താലൂക്ക് നിവാസികളായ 25 ആദിവാസി കുടുംബങ്ങളിൽ 24 പേർക്ക് മേലാർക്കോട് വില്ലേജിൽ 46.765 ഏക്കർ ഭൂമിക്കും ഒരു കുടുംബത്തിന് തേൻകുറുശ്ശി -2 വില്ലേജിൽ 3 ഏക്കർ ഭൂമിയും ,വനാവകാശ നിയമപ്രകാരം പട്ടയം നൽകിയിട്ടുണ്ട്. ഭൂമി അളന്ന് കൈവശം നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. മംഗലം ഡാം വില്ലേജിൽ കടപ്പാറ ആദിവാസി കോളനിയിലെ ഭൂരഹിതരായ 22 ആദിവാസി കുടുംബങ്ങൾക്ക് 14.67 ഏക്കർ ഭൂമി വനാവകാശ നിയമ പ്രകാരം പതിച്ചു നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. മലമ്പുഴ-1 വില്ലേജിൽ 9 ആദിവാസികൾക്ക് കെ.എസ്.ടി ആക്ട് പ്രകാരം പട്ടയം നൽകിയിട്ടുണ്ട്. എന്നാൽ ഡിവിഷണൽ ഫോറസ്റ്റ് ഓഫീസറുടെ നിരാക്ഷേപ പത്രം ലഭിക്കാത്തതിനാൽ ഭൂമി അളന്നു തിരിച്ച് നൽകിയിട്ടില്ല. വല്ലങ്ങി വില്ലേജിൽ 32.50 ഏക്കർ ഭൂമി ആദിവാസികൾക്ക് നൽകുന്നതിന് മാറ്റി വച്ചിട്ടുണ്ട്. മണ്ണാർക്കാട് താലൂക്കിൽ അട്ടപ്പാടി മേഖലയിൽ ഭൂരഹിതരായ 617 ആദിവാസികൾക്ക് 581.13 ഏക്കർ ഭൂമി പതിച്ചു നൽകിയിട്ടുണ്ട്. |

| | | | |
|---|---|---|---|
| മലപ്പുറം | മേൽ കാലയളവിൽ അനാഥാലയങ്ങൾ, സ്വകാര്യ ട്രസ്റ്റുകൾ, സ്വകാര്യ വിദ്യാഭ്യാസ സ്ഥാപനങ്ങൾ എന്നിവയ്ക്ക് ഭൂമി പതിച്ചു നൽകിയിട്ടില്ല. എന്നാൽ ഭൂരഹിതരില്ലാത്ത കേരളം പദ്ധതി, പുറമ്പോക്ക് പട്ടയം, ലക്ഷംവീട് എന്നിങ്ങനെ 5.4381 ഹെക്ടർ ഭൂമിയുടെ പട്ടയങ്ങൾ സ്വകാര്യ വ്യക്തികൾക്ക് വിതരണം ചെയ്തിട്ടുണ്ട്. | ഭൂരഹിതരില്ലാത്ത കേരളം പദ്ധതിയുമായി ബന്ധപ്പെട്ട് ആദിവാസികൾ ഉൾപ്പെടെയുള്ള ഭൂരഹിത കുടുംബങ്ങൾക്ക് 3 സെന്റ് വീതം പതിച്ചു നൽകണമെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. | ഭൂരഹിതരില്ലാത്ത കേരളം പദ്ധതിയിലൂടെ ഭൂരഹിതരായ 8 പട്ടികവർഗ്ഗ കുടുംബങ്ങൾക്ക് 3 സെന്റ് ഭൂമി പതിച്ച് നൽകിയിട്ടുണ്ട്. |
| വയനാട് | മേൽ കാലയളവിൽ അനാഥാലയങ്ങൾ, സ്വകാര്യ ട്രസ്റ്റുകൾ, സ്വകാര്യ വിദ്യാഭ്യാസ സ്ഥാപനങ്ങൾ എന്നവർക്ക് ഭൂമി പതിച്ച് നൽകിയിട്ടില്ല. സ്വകാര്യ വ്യക്തികൾക്കായി 110 പേർക്ക് 12.2682 ഹെക്ടർ ഭൂമി പതിച്ചു നൽകിയിട്ടുണ്ട്. | 21.07.2009 തീയതിയിലെ സുപ്രീം കോടതിയിലെ CA 104-105-04 നമ്പർ വിധി ഇതുമായി ബന്ധപ്പെട്ടതായി അറിയുന്നു. | മേൽ വിധിയുടെ അടിസ്ഥാനത്തിൽ പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട 660 പേർക്കായി 486 ഏക്കർ ഭൂമി പതിച്ചു നൽകിയിട്ടുണ്ട്. |
| കോഴിക്കോട് | മേൽ കാലയളവിൽ ആരാധനാലയങ്ങൾ, സ്വകാര്യ ട്രസ്റ്റുകൾ, സ്വകാര്യ വിദ്യാഭ്യാസ സ്ഥാപനങ്ങൾ എന്നിവർക്ക് ഭൂമി പതിച്ച് നൽകിയിട്ടില്ല. വ്യക്തികൾക്ക് താഴെ കാണും പ്രകാരം പതിച്ചു നൽകിയിട്ടുണ്ട്<br><br>പുറമ്പോക്ക് - 2.27 ഹെക്ടർ<br>ഭൂരഹിത കേരളം - 18.75 ഹെക്ടർ<br>മിച്ചഭൂമി - 5.53 ഹെക്ടർ<br>വനഭൂമി - 16 ഹെക്ടർ<br>ലക്ഷം വീട് - 1.04 ഹെക്ടർ | ശ്രദ്ധയിൽപ്പെട്ടിട്ടില്ല | ബാധകമല്ല |

| | | | |
|---|---|---|---|
| കണ്ണൂർ | മേൽ കാലയളവിൽ വ്യക്തികൾക്കായി 1.93 ഏക്കർ ഭൂമിയും, ഭൂരഹിതരില്ലാത്ത കേരളം പദ്ധതി പ്രകാരം 13142 പേർക്ക് 3 സെന്റ് ഭൂമി അനുവദിക്കുകയും ചെയ്തിട്ടുണ്ട്. 24.02.16 ലെ ജി.ഒ(എം.എസ്) 154/2016/റവ ഉത്തരവ് പ്രകാരം പടുവം വില്ലേജിൽ 7.28403 ഏക്കർ ഭൂമി പടുവം ദീനസേവന സഭയ്ക്ക് പതിച്ച് നൽകിയിട്ടുണ്ട് | ശ്രദ്ധയിൽപ്പെട്ടിട്ടില്ല | ബാധകമല്ല |
| കാസർഗോഡ് | മേൽ കാലയളവിൽ അനാഥാലയങ്ങൾ, സ്വകാര്യ ട്രസ്റ്റുകൾ, സ്വകാര്യ വിദ്യാഭ്യാസ സ്ഥാപനങ്ങൾ, സ്വകാര്യ വ്യക്തികൾ എന്നിവയ്ക്ക് ഭൂമി പതിച്ചു നൽകിയിട്ടില്ല. ഭൂരഹിതരായ കുടുംബങ്ങൾക്ക് ഭൂമി പതിച്ചു നൽകിയിട്ടുണ്ട്. | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട് | ഭൂരിഭാഗം മലയോര ,വില്ലേജുകളിലും ഭൂരഹിതരായ ആദിവാസി വിഭാഗങ്ങളിൽപ്പെട്ടവർക്കുള്ള പട്ടയവിതരണം പൂർത്തിയായിട്ടുണ്ട്. കൂടാതെ ടി.ആർ.ഡി.എം പദ്ധതി പ്രകാരം വിവിധ വില്ലേജുകളിൽ 85 എസ്.ടി. കുടുംബങ്ങൾക്ക് ഒരു ഏക്കർ വീതം ഭൂമിക്ക് പട്ടയം നൽകിയിട്ടുണ്ട്. അതോടൊപ്പം ഫോറസ്റ്റ് ലാൻഡിൽ ഉൾപ്പെട്ട 91.88 ഏക്കർ ഭൂമി ആദിവാസി വിഭാഗങ്ങൾക്ക് അനുവദിക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചു വരുന്നു |

19/10/16

[signature]